<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5497</u> <u>24-03-2025 - ൽ മറുപടിയ്ക്ക്</u>

<u>ലഹരി വ്യാപനം തടയുന്നതിനുള്ള നടപടികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ യുവതലമുറയിലേക്കും സ്കൂൾ-കോളേജ് കുട്ടികളിലേക്കും വിവിധ തരത്തിലുള്ള ലഹരികൾ വ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | രാജ്യത്ത് ലഹരിവസ്തുക്കളുടെ വ്യാപനം വർദ്ധിച്ചുവരുന്നതിന്റെ പ്രതിഫലനം, സംസ്ഥാനത്തും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ SPC, NSS, ജനമൈത്രി ഡ്രാമാ ടീം, ജനമൈത്രി പോലീസ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് & ആന്റി-നാർക്കോട്ടിക്ക് ക്ലബ്, യോദ്ധാവ്, നോ ടു ഡ്രഗ്സ് കാമ്പെയ്ൻ, ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ് തുടങ്ങിയ പദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.<br><br>07.10.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 10/2021/പി.എച്ച്.ക്യൂ പ്രകാരം മദ്യം, മയക്കുമരുന്ന് എന്നിവ കുട്ടികൾ ഉപയോഗിക്കുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കുട്ടികൾക്ക് ജില്ലാ ശിശുക്ഷേമ യൂണിറ്റിന്റെ സഹായത്തോടെ ആവശ്യമായ കൗൺസിലിംഗ്, ഡി-അഡിക്ഷൻ എന്നിവ ലഭിക്കുവാനുള്ള സഹായങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണെന്നും ജില്ലാ പോലീസ് മേധാവിമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ആവശ്യമായ തുടർനിർദ്ദേശങ്ങൾ തന്റെ പരിധിയിലുള്ള ഉദ്യോഗസ്ഥർക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>**<u>ഓപ്പറേഷൻ ഡി-ഹണ്ട്</u>**<br><br>നിരോധിത മയക്കുമരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെയും, സമൂഹം ലഹരി വിമുക്തമാക്കുന്നതിന്റെയും മുന്നോടിയായി സ്വീകരിച്ച പ്രതിരോധ നടപടികളുടെ ഭാഗമായി കേരള പോലീസ് സംസ്ഥാന വ്യാപകമായി വിവിധ ഘട്ടങ്ങളിലായി സംഘടിപ്പിച്ചു വരുന്ന സ്പെഷ്യൽ ഡ്രൈവ് ആണ് "ഓപറേഷൻ ഡി-ഹണ്ട്". സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം ക്രമസമാധാന |

പാലനവിഭാഗം പോലീസ് അഡീഷണൽ ഡയറക്ടർ ജനറലും സംസ്ഥാനത്തെ ആന്റി നാർക്കോട്ടിക്സ് ടാസ്ക് ഫോഴ്സ് തലവന്റെയും നേതൃത്വത്തിൽ റേഞ്ച് ലെവൽ എൻ.ഡി.പി.എസ് കോർഡിനേഷൻ സെല്ലും, അതാത് ജില്ലാ പോലീസ് മേധാവിമാരും ചേർന്നാണ് ഓപ്പറേഷൻ ഡി-ഹണ്ട് നടത്തിവരുന്നത്.

**<u>ഓപ്പറേഷൻ ഡി-ഹണ്ടിന്റെ വിവിധ ഘട്ടങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം താഴെ പറയുന്നു.</u>**

| Date | Duration in days | No. of cases Registered |
|---|---|---|
| 27.01.2024 | 01 | 281 |
| 15.05.2024 to 25.05.2024 | 10 | 2728 |
| 20.08.2024 to 01.09.2024 | 13 | 2875 |
| 22.02.2025 to 18.03.2025 | 24 | 6405 |

**പ്രതിരോധ നടപടികൾ**

- കുട്ടികൾ ലഹരി ഉപയോഗത്തിലേക്ക് എത്തിപ്പെടുന്ന സാഹചര്യങ്ങൾ മനസ്സിലാക്കി അവയെ പ്രതിരോധിക്കുക.
- ലഹരി ഉപയോഗത്തിൽ അകപ്പെട്ടുപോയ കുട്ടികളെ അതിൽ നിന്നും മുക്തരാക്കി സമൂഹത്തിൽ തിരികെ കൊണ്ടുവരാനുള്ള നിയമപരമായ എല്ലാ ശ്രമങ്ങളും നടത്തുക.
- സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വകുപ്പ്, എക്സൈസ് വകുപ്പ്, വനിത ശിശു വികസന വകുപ്പ്, ബാലാവകാശ കമ്മീഷൻ, ശിശുക്ഷേമ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങിയവയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

അമിതമായ ഉത്കണ്ഠ, വിഷാദം, Post Traumatic Stress Disorder തുടങ്ങിയ മാനസിക രോഗാവസ്ഥയിലൂടെ കടന്നു പോകുന്ന കുട്ടികളെ അദ്ധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അത്തരം സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും ലഹരി ഉപയോഗത്തിലേയ്ക്ക് കുട്ടികൾ

എത്തിചേരാതിരിക്കുന്നതിനുമുള്ള പ്രതിരോധ നടപടികൾ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു.

| | | | |
|---|---|---|---|
| (ബി) | സ്കൂൾ-കോളേജ് ക്യാംപസുകളിൽ ലഹരി ബോധവൽക്കരണം നടത്തുന്നതോടൊപ്പം കുട്ടികളിലും യുവതലമുറയിലും ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി | (ബി) | രാജ്യത്ത് ലഹരിവസ്തുക്കളുടെ വ്യാപനം വർദ്ധിച്ചുവരുന്നതിന്റെ പ്രതിഫലനം, സംസ്ഥാനത്തും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | |
|---|---|---|
| | അവർക്കാവശ്യമായ ചികിൽസകളും കൗൺസിലിങ്ങും നല്കി ഇതിൽ നിന്നും മോചിപ്പിക്കുന്നതിന് പോലീസ് വകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ; | പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ SPC, NSS, ജനമൈത്രി ഡ്രാമാ ടീം, ജനമൈത്രി പോലീസ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് & ആന്റി-നാർക്കോട്ടിക്ക് ക്ലബ്, യോദ്ധാവ്, നോ ടു ഡ്രഗ്സ് കാമ്പെയ്ൻ, ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ് തുടങ്ങിയ പദ്ധതികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.<br><br>07.10.2021-ലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 10/2021/പി.എച്ച്.ക്യൂ പ്രകാരം മദ്യം, മയക്കുമരുന്ന് എന്നിവ കുട്ടികൾ ഉപയോഗിക്കുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കുട്ടികൾക്ക് ജില്ലാ ശിശുക്ഷേമ യൂണിറ്റിന്റെ സഹായത്തോടെ ആവശ്യമായ കൗൺസിലിംഗ്, ഡി-അഡിക്ഷൻ എന്നിവ ലഭിക്കുവാനുള്ള സഹായങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണെന്നും ജില്ലാ പോലീസ് മേധാവിമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി ആവശ്യമായ തുടർനിർദ്ദേശങ്ങൾ തന്റെ പരിധിയിലുള്ള ഉദ്യോഗസ്ഥർക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>**<u>ഓപ്പറേഷൻ ഡി-ഹണ്ട്</u>**<br><br>നിരോധിത മയക്കുമരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെയും, സമൂഹം ലഹരി വിമുക്തമാക്കുന്നതിന്റെയും മുന്നോടിയായി സ്വീകരിച്ച പ്രതിരോധ നടപടികളുടെ ഭാഗമായി കേരള പോലീസ് സംസ്ഥാന വ്യാപകമായി വിവിധ ഘട്ടങ്ങളിലായി സംഘടിപ്പിച്ചു വരുന്ന സ്പെഷ്യൽ ഡ്രൈവ് ആണ് "ഓപറേഷൻ ഡി-ഹണ്ട്". സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം ക്രമസമാധാന പാലനവിഭാഗം പോലീസ് അഡീഷണൽ ഡയറക്ടർ ജനറലും സംസ്ഥാനത്തെ ആന്റി നാർക്കോട്ടിക്സ് ടാസ്ക് ഫോഴ്സ് തലവന്റെയും നേതൃത്വത്തിൽ റേഞ്ച് ലെവൽ എൻ.ഡി.പി.എസ് കോർഡിനേഷൻ സെല്ലും, അതാത് ജില്ലാ പോലീസ് മേധാവിമാരും ചേർന്നാണ് ഓപ്പറേഷൻ ഡി-ഹണ്ട് നടത്തിവരുന്നത്.<br><br>**<u>ഓപ്പറേഷൻ ഡി-ഹണ്ടിന്റെ വിവിധ ഘട്ടങ്ങളിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം താഴെ പറയുന്നു.</u>** |

| Date | Duration in days | No. of cases Registered |
|---|---|---|
| 27.01.2024 | 01 | 281 |
| 15.05.2024 to 25.05.2024 | 10 | 2728 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>20.08.2024 to 01.09.2024</td><td>13</td><td>2875</td></tr>
<tr><td>22.02.2025 to 18.03.2025</td><td>24</td><td>6405</td></tr>
</table>
<br>
പ്രതിരോധ നടപടികൾ
<ul>
<li>കുട്ടികൾ ലഹരി ഉപയോഗത്തിലേക്ക് എത്തിപ്പെടുന്ന സാഹചര്യങ്ങൾ മനസ്സിലാക്കി അവയെ പ്രതിരോധിക്കുക.</li>
<li>ലഹരി ഉപയോഗത്തിൽ അകപ്പെട്ടുപോയ കുട്ടികളെ അതിൽ നിന്നും മുക്തരാക്കി സമൂഹത്തിൽ തിരികെ കൊണ്ടുവരാനുള്ള നിയമപരമായ എല്ലാ ശ്രമങ്ങളും നടത്തുക.</li>
<li>സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, നിയമ വകുപ്പ്, എക്സൈസ് വകുപ്പ്, വനിത ശിശു വികസന വകുപ്പ്, ബാലാവകാശ കമ്മീഷൻ, ശിശുക്ഷേമ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ് തുടങ്ങിയവയുമായി ചേർന്ന് പ്രവർത്തിക്കുന്നു.</li>
</ul>
അമിതമായ ഉത്കണ്ഠ, വിഷാദം, Post Traumatic Stress Disorder തുടങ്ങിയ മാനസിക രോഗാവസ്ഥയിലൂടെ കടന്നു പോകുന്ന കുട്ടികളെ അദ്ധ്യാപകരുടെ സഹായത്തോടെ കണ്ടെത്തി അത്തരം സാഹചര്യങ്ങളെ അതിജീവിക്കുന്നതിനും ലഹരി ഉപയോഗത്തിലേയ്ക്ക് കുട്ടികൾ<br><br>
എത്തിചേരാതിരിക്കുന്നതിനുമുള്ള പ്രതിരോധ നടപടികൾ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു.
</td>
</tr>
<tr>
<td>(സി)</td>
<td>സ്കൂൾ-കോളേജ് തലങ്ങളിൽ കുട്ടികളിൽ ലഹരി ഉപയോഗം കണ്ടാലും അദ്ധ്യാപകർ അത് ബന്ധപ്പെട്ടവരോട് പറയാൻ മടിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി ഉപയോഗിക്കുന്നവരെ കൃത്യമായി കണ്ടെത്തുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ-എക്സൈസ് വകുപ്പുകളുമായി ചേർന്ന് ഇവർക്ക് ഡ്രഗ് ടെസ്റ്റ് നടത്തുന്നതിനും കൗൺസിലിങ്ങും ചികിൽസയും നൽകുന്നതിനും പോലീസ് വകുപ്പ് നടപടി സ്വീകരിക്കുമോ;</td>
<td>(സി)</td>
<td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്കൂൾ കോളേജ് തലങ്ങളിൽ കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>സംസ്ഥാനത്ത് സ്കൂൾ പരിസരങ്ങളിലെ കടകളും മറ്റും കേന്ദ്രീകരിച്ചാണ് ലഹരി കച്ചവടം കൂടുതലായും നടക്കുന്നത് എന്നതിനാൽ രാത്രി പത്ത് മണിക്ക് ശേഷം സംശയകരമായി പ്രവർത്തിക്കുന്ന ഇത്തരം കടകളിൽ കൃത്യമായി പരിശോധനകൾ നടത്തുന്നതിനും ലഹരി മാഫിയയുടെ കണ്ണികളെ കണ്ടെത്തി</td>
<td>(ഡി)</td>
<td>സംസ്ഥാനത്ത് സ്കൂൾ പരിസരത്ത് ലഹരി ഉല്പന്നങ്ങളും മറ്റ് നിരോധിത ഉൽപ്പന്നങ്ങളുടെയും വിൽപ്പന നടത്തുന്നുണ്ടോ എന്ന് അറിയുന്നതിനായി സമീപത്തെ കടകൾ കേന്ദ്രീകരിച്ച് പരിശോധനകൾ കർശനമാക്കിയിട്ടുള്ളതും അതാത് സ്റ്റേഷൻ പരിധിയിലെ ഉദ്യോഗസ്ഥരെയും, DANSAF ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് സ്കൂൾ പരിസരങ്ങളിൽ മഫ്തിയിലും അല്ലാതെയും പട്രോളിംഗും രഹസ്യ നിരീക്ഷണവും നടത്തി വരുന്നു. കൂടാതെ</td>
</tr>
</table>

| | | | |
|---|---|---|---|
| | നിയമപരമായി ശിക്ഷിക്കുന്നതിനും പോലീസ് വകുപ്പ് നടപടി സ്വീകരിക്കുമോ; | | 'ഓപ്പറേഷൻ ഡി-ഹണ്ട്' പോലുള്ള സ്പെഷ്യൽ ഡ്രൈവുകളും നടത്തി വരുന്നു. ഇത്തരത്തിൽ പരിശോധന നടത്തുമ്പോൾ നിയമ പ്രകാരം നടപടിയെടുക്കേണ്ട ലഹരി വസ്തുക്കൾ കണ്ടെത്തുന്ന പക്ഷം കേസ്സ് രജിസ്റ്റർ ചെയ്യുന്നതിനും ടി വ്യാപാര സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റിപ്പോർട്ട് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഇപ്പോൾ നടത്തുന്ന ലഹരി പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇളവുകൾ പൂർണ്ണമായും ഒഴിവാക്കി നിയമം കൂടുതൽ കർക്കശമാക്കി ലഹരി കച്ചവടക്കാർക്ക് പരമാവധി ശിക്ഷ നൽകുന്നതിനും പോലീസ് വകുപ്പ് എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഇ) | ലഹരി പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അധ്യയന വർഷാവസാനം സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ പരിസരങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ലഹരി കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഏർപ്പെടുന്നവർക്കെതിരെ KAA(P)A, PITNDPS Act, 1988 പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (എഫ്) | രാത്രികാലങ്ങളിലാണ് ലഹരിക്കച്ചവടം കൂടുതൽ നടക്കുന്നത് എന്നതിനാൽ വീടുവിട്ട് രാത്രി കാലങ്ങളിൽ ചുറ്റിത്തിരിയുന്ന കുട്ടികളെ കണ്ടെത്തുന്നതിന് എക്സൈസ് വകുപ്പുമായി ചേർന്നുള്ള രാത്രികാല പട്രോളിങ് ശക്തമാക്കുമോ? | (എഫ്) | രാത്രി കാലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുള്ളതും കറങ്ങി നടക്കുന്നതായി കാണുന്ന കുട്ടികൾ/യുവാക്കളെ പ്രത്യേകം നിരീക്ഷിച്ച് വ്യക്തിവിവരങ്ങൾ ശേഖരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണോയെന്ന് അന്വേഷിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എക്സൈസ് വകുപ്പുമായും ചേർന്ന് പട്രോളിംഗ് ശക്തമാക്കുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ